## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.708.     20.03.2013 -ൽ മറുപടിയ്ക്ക്**

## മന്തുരോഗ നിവാരണ പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിലെ എല്ലാ ജില്ലകളിലും മന്തുരോഗ നിവാരണ പരിപാടി അനിവാര്യമാണെന്ന് സ്ഥാപിക്കത്തക്കതരത്തിൽ ഏതെങ്കിലും നിലയിലുള്ള ആരോഗ്യ പഠന റിപ്പോർട്ട് നിലവിലുണ്ടോ; | എ) & ബി) | കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള വിവിധ ഏജൻസികളുടെയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ കേരളത്തിൽ മന്തുരോഗ നിരീക്ഷണത്തിനും നിർണ്ണയത്തിനുമായി ധാരാളം പഠനങ്ങളും സർവ്വേകളും നടത്തിയിട്ടുണ്ട്. ഈ പഠനങ്ങളുടേയും സർവ്വേകളുടേയും അടിസ്ഥാനത്തിൽ മന്തു രോഗ നിവാരണ പരിപാടി കേരളത്തിൽ പതിനൊന്നു ജില്ലകളിൽ അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ മന്തു രോഗ നിവാരണ പരിപാടി എല്ലാ ജില്ലകളിലും നിർബന്ധമായി നടപ്പിലാക്കുന്നില്ല. മന്തുരോഗവ്യാപനം കണ്ടെത്തിയ പതിനൊന്ന് ജില്ലകളിൽ (വയനാട്, ഇടുക്കി, പത്തനംതിട്ട, ജില്ലകൾ ഒഴികെ) മാത്രമേ മന്തുരോഗ നിവാരണ പരിപാടി ഇപ്പോൾ നടപ്പിലാക്കുന്നുള്ളു. |
| ബി) | ദേശീയ മന്തുരോഗ നിവാരണ പരിപാടി കേരളത്തിൽ എല്ലാ ജില്ലകളിലും നിർബന്ധമായി നടപ്പിലാക്കുന്നത് ഏത് ആരോഗ്യ പഠന സർവ്വേയുടെ അടിസ്ഥാനത്തിലാണ്; | | |
| സി) | ഇക്കഴിഞ്ഞ വർഷങ്ങളിൽ നടത്തിയിട്ടുള്ള മന്തുരോഗ നിവാരണ പരിപാടി എത്ര മാത്രം ഫലപ്രദമായിരുന്നു എന്നതിനെ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ വകുപ്പ് | സി) | മന്തുരോഗ നിവാരണ പരിപാടിയുടെ ഫലപ്രാപ്തി മനസ്സിലാക്കുന്നതിന്, എല്ലാ വർഷവും സമൂഹ ചികിത്സാ പരിപാടി നടപ്പിലാക്കുന്നതിന് ഒരു മാസം മുൻപ് ജില്ലാതലത്തിൽ രാത്രികാല രക്തപരിശോധന നടത്താറുണ്ട്. തുടർന്ന് ഒരു മാസത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | വിശകലനം നടത്തിയിട്ടുണ്ടോ; | | മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തെക്കൊണ്ട് വിശദമായ പഠനവും നടത്താറുണ്ട്. |
| ഡി) | ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ മന്തുരോഗ നിവാരണ പരിപാടികൾ ക്രമീകരിക്കുന്നതിന് ശ്രമമുണ്ടാകുമോ? | ഡി) | എല്ലാവർഷവും മന്തുരോഗ നിവാരണ സമൂഹ ചികിത്സാ പരിപാടികൾ നടപ്പിലാക്കുന്നത് മുൻവർഷത്തെ പഠന റിപ്പോർട്ടുകളുടെയും സർവ്വെ ഫലങ്ങളുടെയും അടിസ്ഥാനത്തിലുള്ള വിശദമായ അവലോകനത്തിന് ശേഷം മാത്രമാണ്. ഇതിലൂടെ മന്തുരോഗ നിവാരണ പരിപാടിയുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ക്രമീകരിച്ച് നടത്താൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ